ണെങ്കിൽ അത് കൊണ്ടുവരണമെന്നുമാണ്. വനിതാ കമ്മിഷന് ജുഡീഷ്യൽ പവർ കൊടുക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുമോ? അങ്ങനെയാണെങ്കിൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അക്കാര്യം അവരുമായി ചർച്ച ചെയ്യാം.

IV. സബ്മിഷൻ

(1) കയ്യൂർ, കരിവള്ളൂർ, കാവുംപായി സമരസേനാനികൾക്ക് പെൻഷൻ

ശ്രീ. കെ.പി സതീശ്ചന്ദ്രൻ : സർ, കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ബ്രിട്ടീഷ് ഭരണത്തിനും ജൻമി നാടുവാഴിത്തത്തിനുമെതിരെ കേരളത്തിൽ നടന്ന ചരിത്രം സൃഷ്ടിച്ച ജനമുന്നേറ്റങ്ങളായ കയ്യൂർ, കരിവെള്ളൂർ, കാവുംപായി തുടങ്ങിയ ഐതിഹാസികമായ സമരങ്ങൾ 1998-ൽ അധികാരത്തിൽ ഉണ്ടായിരുന്ന ദേശീയ മുന്നണി സർക്കാർ സ്വാതന്ത്ര്യ സമരങ്ങളായി പ്രഖ്യാപിച്ചുവെങ്കിലും ഈ സമരങ്ങളിൽ പങ്കെടുത്ത സ്വാതന്ത്ര്യ സമര സേനാനികൾക്ക് കേന്ദ്ര പെൻഷൻ ഇപ്പോഴും ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ പെൻഷൻ ഇവർക്ക് ലഭിക്കുന്നുണ്ട് എന്നുള്ളത് ആശ്വാസകരമാണെങ്കിലും കേന്ദ്ര പെൻഷൻ നൽകുന്നതിൽ ബി.ജെ.പി. സർക്കാർ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. കേന്ദ്ര പെൻഷൻ നേരത്തേ ലഭിച്ചു വന്ന വിഖ്യാത സ്വാതന്ത്ര്യ സമര സേനാനികളുടെ സർട്ടിഫിക്കറ്റ് ജയിൽ ജീവിതത്തിനും ഒളിവു ജീവിതത്തിനുമുള്ള തെളിവായി സ്വീകരിക്കുന്നതിനുപകരം അറുപതും എഴുപതും വർഷം മുമ്പ് ജയിൽവാസം അനുഭവിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റുലഭിക്കാൻ ബുദ്ധിമുട്ടാണ്. ജയിൽ സർട്ടിഫിക്കറ്റുകൾ തെളിവായി ഹാജരാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നത്. ഈ സഭയിലെ അംഗമായിരുന്ന, ഇപ്പോൾ മലബാറിൽ ജീവിച്ചിരിപ്പുള്ള പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളിൽ ഒരാളായ സഖാവ് സുബ്രമണ്യഷേണായിക്കുപോലും ഇതിന്റെ ഫലമായി കേന്ദ്ര പെൻഷൻ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഒട്ടനവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യം ശക്തമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും കേന്ദ്ര സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എം.എസ്.പി. സമരം ഒഴിച്ചുള്ള കയ്യൂർ, കരിവള്ളൂർ, കാവുംപായി, മൊറാഴ, പുന്നപ്ര-വയലാർ സമരങ്ങളിൽ പങ്കെടുത്ത, അപേക്ഷകരിൽ മിക്കവരും ഒളിവും ജയിൽവാസവും അനുഭവിച്ചവരായി അവകാശപ്പെടുകയാണ്. കേന്ദ്ര ജയിൽനിയമം അനുസരിച്ച് ഒളിവ് ജയിൽയാതന അവകാശപ്പെടുന്നവർ അവ തെളിയിക്കുന്നതിനുള്ള രേഖകളും ബന്ധപ്പെട്ട കോടതി രേഖകളും ഹാജരാക്കേണ്ടതാണ്. അല്ലെങ്കിൽ പ്രമുഖ സമരസേനാനികളുടെ ഒളിവ്-സഹതടവ് സർട്ടിഫിക്കറ്റുകളും അവരുടെ ജയിൽ രേഖകളും ഹാജരാക്കേണ്ടതാണ്. അര നൂറ്റാണ്ടിനുമുൻപ് നടന്ന ഈ സമരങ്ങളുമായി ബന്ധപ്പെട്ട് ഔദ്യോഗിക രേഖകൾ ഹാജരാക്കാൻ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ ഈ സമരങ്ങളിൽ പങ്കെടുത്ത സംസ്ഥാന പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ സ്വാതന്ത്ര്യ സമര സേനാനികൾക്കും കേന്ദ്ര പെൻഷൻ അനുവദിക്കേണ്ടതാണെന്ന് സർക്കാർ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാർ ഈ ആവശ്യം അംഗീകരിക്കുകയുണ്ടായില്ല. എന്നു മാത്രമല്ല മേലിൽ മതിയായ രേഖകൾ ഇല്ലാത്ത അപേക്ഷകൾ ശുപാർശ ചെയ്യുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയുകയും ചെയ്തു. കേന്ദ്ര പെൻഷൻ നിയമാവലി അനുസരിച്ച് ഔദ്യോഗിക രേഖകൾ സഹിതം നൽകിയ അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകരുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. 45 കൊല്ലം കഴിഞ്ഞിട്ടാണ് പുന്നപ്ര-വയലാർ സമരസേനാനികൾക്ക് പെൻഷൻ കിട്ടിയത്. അത് ദേവഗൗഡ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്, അതിനുമുൻപ് കിട്ടിയിട്ടില്ല. കൊടുത്തിട്ടുമില്ല. കേന്ദ്രത്തിൽ സ്ഥിതിഗതികൾ മാറണോ വേണ്ടയോ എന്നുള്ളത് നിങ്ങൾ ചിന്തിച്ചാൽ മതി. ഇന്നത്തെ സ്ഥിതിക്ക് നമുക്ക് ആവശ്യപ്പെടാം; അഭ്യർത്ഥിക്കാം; സമ്മർദ്ദം ചെലുത്താം. പക്ഷേ അവർക്കു ആവശ്യമായ രേഖകൾ കിട്ടണം. രേഖ കിട്ടുന്നതാണ് പ്രശ്നം. ആ നിലയ്ക്ക് തീർച്ചയായും നമുക്ക് വീണ്ടും അഭ്യർത്ഥിക്കാം. ഞാൻ ശ്രീ. ഇന്ദ്രജിത് ഗുപ്തയോട് നേരിട്ട് സംസാരിച്ചു. അങ്ങനെയാണ് പുന്നപ്ര-വയലാർ സമരസേനാനികൾക്ക് പെൻഷൻ കിട്ടിയത്. അതിനുമുൻപ് 45 കൊല്ലങ്ങളായി പെൻഷൻ കിട്ടിയിട്ടില്ല. അതാണ് യാഥാർത്ഥ്യം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം, അതിന് സംശയമില്ല. എന്തായിരിക്കും കേന്ദ്രത്തിന്റെ സമീപനമെന്ന് എനിയ്ക്ക് പറയാൻ ആവുകയില്ല. എങ്കിലും അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകളുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. എം.എസ്.പി. സമരത്തിൽ പങ്കെടുത്തവരെ സംബന്ധിച്ച് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(2) പത്തനംതിട്ടയിൽ നടന്ന പോലീസ് അതിക്രമം

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, കൊല്ലം ഡി.സി.സി. ആഫീസ് തല്ലിത്തകർത്തതിലും നേതാക്കളെ മർദ്ദിച്ചതിലും പ്രതിഷേധിച്ച് ഫെബ്രുവരി 7-ാം തീയതി രാവിലെ 11.00 മണിയ്ക്ക് പത്തനംതിട്ടയിൽ സമാധാമപരമായി പ്രതിഷേധ പ്രകടനം നടത്തുകയുണ്ടായി. നേതാക്കൾ പ്രസംഗിച്ചതിനുശേഷം സമാധാനപരമായി പിരിഞ്ഞുപോയ പ്രവർത്തകർക്കുനേരെ പത്തനംതിട്ട ഡിവൈ.എസ്.പി. പി.ജെ. ജോസിന്റെ നേതൃത്വത്തിൽ 250-ഓളം പോലീസുകാർ ഒരു കാരണവുമില്ലാതെ ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. ലാത്തിച്ചാർജ്ജിൽ ഡി.സി.സി. സെക്രട്ടറിയും മുനിസിപ്പൽ ചെയർമാനുമായ ശ്രീ. മോഹൻരാജ്, യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ് ശ്രീ. ആർ. ഇന്ദ്രചൂഡൻ, യൂത്ത് കോൺഗ്രസ്സ് ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ വെട്ടൂർ ജ്യോതിപ്രസാദ്, യൂത്ത് കോൺഗ്രസ്സ് ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. എം.സി. ഷരീഫ്, യൂത്ത് കോൺഗ്രസ്സ് സംസ്ഥാന നിർവാഹക സമിതി അംഗം ശ്രീ. അനിൽ തോമസ്, കേരളാ കോൺഗ്രസ്സ് ജേക്കബ് ഗ്രൂപ്പ് വിഭാഗത്തിന്റെ ജില്ലാ പ്രസിഡന്റ് ശ്രീ. ഡെണ്ണി ജോർജ്ജ്, യൂത്ത് കോൺഗ്രസ്സ് ബ്ലോക്ക് പ്രസിഡന്റ് ശ്രീ. അനിൽ മണ്ണിൽ, ബ്ലോക്ക് സെക്രട്ടറി ശ്രീ. ജാസീൻകുട്ടി, മുനിസിപ്പൽ കൗൺസിലർ ശ്രീ. ഷാജഹാൻ, ശ്രീ. വിശ്വംഭരൻ തുടങ്ങിയവരെ മൃഗീയമായി തല്ലിച്ചതച്ചു. അനിൽതോമസിനെ ലാത്തികൊണ്ട് അടിച്ചു വീഴ്ത്തി. പത്തനംതിട്ട ടൗണിലെ റോഡിലൂടെ വലിച്ചിഴച്ച് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. സ്റ്റേഷനിൽ കൊണ്ടുപോയി വീണ്ടും മൃഗീയമായി മർദ്ദിച്ചു. ഇതിനെല്ലാം നേതൃത്വം കൊടുത്തത് ഡിവൈ.എസ്.പി. പി.ജെ. ജോസാണ്.

LIBRARY ARCHIVES Kerala Legislative Assembly